II ഇ.ബി. XIII- കേരള നിയമസഭ/XIV-15

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ജൂലൈ 22, ബുധൻ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

38 (*451) കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയും കുറിച്ചുള്ള അന്വേഷണം കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന പദ്ധതി

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) നൽകിയ മറുപടിയിൽ, ടെക്നോപാർക്കിൽ സ്ഥിതിചെയ്യുന്ന സ്റ്റേറ്റ് ഡാറ്റാ സെന്ററിലാണ് CCTNS പദ്ധതിയുടെ ഭാഗമായ സെർവറും കമ്പ്യൂട്ടറുകളും സ്ഥാപിച്ചിരിക്കുന്നതെന്നും പദ്ധതിയുടെ നെറ്റ്‌വർക്ക് നിയന്ത്രണം BSNL, KSITM (KSWAN) എന്നീ സർക്കാർ സ്ഥാപനങ്ങളും ഡാറ്റാ ബേസ് പരിപാലനം ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് ലിമിറ്റഡ് (TCS)-മാണ് നടത്തിവരുന്നതെന്നും സഭയെ അറിയിച്ചു. കുറ്റകൃത്യങ്ങളെയും

കുറ്റവാളികളെയും കുറിച്ചുള്ള അന്വേഷണം കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന പ്രസ്തുത കേന്ദ്ര സഹായ പദ്ധതിയുടെ നിർവ്വഹണത്തിൽ കേരളമാണ് മുന്നിൽ നിൽക്കുന്നത്. കേന്ദ്ര ഗവൺമെന്റ് എംപാനൽ ചെയ്ത ലിസ്റ്റിൽ നിന്നും ആഗോള ടെണ്ടർ മുഖാന്തിരമാണ് ടി.സി.എസ്.-നെ കൺസൾട്ടന്റായി തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി കേന്ദ്ര ഗവൺമെന്റ് 60 കോടി രൂപ അനുവദിക്കുകയും 42 കോടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ 368 പോലീസ് സ്റ്റേഷനുകളിൽ പദ്ധതി നിലവിൽ വന്നിട്ടുണ്ട്; മറ്റ് സ്റ്റേഷനുകളിൽ നടപടികൾ പൂർത്തീകരിച്ചുവരികയാണ്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഉന്നത പോലീസുദ്യോഗസ്ഥർക്ക് ഹെഡ്ക്വാർട്ടേഴ്സിലിരുന്ന് എല്ലാ പോലീസ് സ്റ്റേഷനുകളിലെയും എഫ്.ഐ.ആർ., ജി.ഡി. എന്നിവ പരിശോധിക്കാനും സുതാര്യത ഉറപ്പുവരുത്താനും സാധിക്കുന്നതാണ്. പോലീസ് സ്റ്റേഷനുകളിൽനിന്നും കോർ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ വഴി ലഭിക്കുന്ന വിവരങ്ങൾ ഡാറ്റാബേസുകളിൽ സുരക്ഷിതമാക്കുന്നതിനായി കരാറിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് പോലീസ് ഉദ്യോഗസ്ഥർക്ക് സാങ്കേതിക പരിജ്ഞാനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. തീവ്രവാദ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള രാജ്യവിരുദ്ധ പ്രവർത്തനങ്ങൾ മുൻകൂട്ടി മനസ്സിലാക്കി

സുരക്ഷാ നടപടി സ്വീകരിക്കുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കീഴിൽ '*അശോക*' എന്ന പദ്ധതിക്ക് രൂപം നൽകിവരികയാണ്. ജനമൈത്രി പോലീസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനങ്ങളിലൂടെ സമൂഹത്തിലുണ്ടാകുന്ന കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. വാഹന പരിശോധനയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

39 (*452) <u>കെ.എസ്.ആർ.ടി.സി. ബസുകളിലെ യാത്രാസൗജന്യം</u>

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>) നൽകിയ മറുപടിയിൽ, വികലാംഗർ, അന്ധർ, ബധിര-മൂകർ, ബുദ്ധിമാന്ദ്യമുള്ളവർ, എം.എൽ.എ.മാർ/എം.പി.മാർ, മുൻ ഗതാഗത വകുപ്പ് മന്ത്രിമാർ/എം.എൽ.എ.മാർ/എം.പി.മാർ, സ്വാതന്ത്ര്യ സമരസേനാനികൾ, ക്യാൻസർ രോഗികൾ, അക്രഡിറ്റേഷനുള്ള പത്രപ്രവർത്തകർ, കോംപ്ലിമെന്ററി പാസുകൾ എന്നീ വിഭാഗങ്ങളിലായി യാത്രാ സൗജന്യം അനുവദിച്ചുവരുന്നുണ്ടെന്നും നിലവിലുള്ള രീതി തുടരുന്നതാണെന്നും

സഭയെ അറിയിച്ചു. കെ.എസ്.ആർ.ടി.സി. ബസുകളിൽ പ്ലസ്ടു തലം വരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും 10-06-2015-ലെ സർക്കാർ ഉത്തരവുപ്രകാരം സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ സൗജന്യ യാത്രയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തൽ, വരുമാന നഷ്ടം പരിഹരിക്കൽ തുടങ്ങിയ കാര്യങ്ങൾ പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി ഗതാഗത വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്; റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ബുദ്ധിമാന്ദ്യമുള്ളവർക്കും 40% സെറിബ്രൽ പാൾസി ബാധിച്ചവർക്കും അവരെ അനുഗമിക്കുന്നവർക്കും നൽകുന്ന സൗജന്യ യാത്രയുടെ ബാധ്യത സർക്കാർ നികത്തിനൽകുന്നുണ്ട്. ആധുനികവത്ക്കരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ബസുകളിൽ വൈഫൈ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് ആസ്തി വികസന ഫണ്ടുപയോഗിച്ച് കെ.എസ്.ആർ.ടി.സി. ബസ് വാങ്ങുന്ന കാര്യത്തിന്മേൽ തീരുമാനമെടുക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. ഇന്റർ സ്റ്റേറ്റ്

ബസുകൾക്ക് അയൽ സംസ്ഥാനങ്ങളിലെ ബസുകളുമായി മത്സരിക്കാൻ സാധിക്കത്തക്ക തരത്തിൽ ഫ്ലക്സിബിൾ ചാർജ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്. അഡ്വൈസ് മെമ്മോ ലഭിച്ചതിൽ നോൺ ജോയിനിംഗ് വേക്കൻസികൾകൂടി കണക്കാക്കി 7000-ത്തിലധികം ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. എല്ലാ മാസവും 15-ാം തീയതിക്ക് മുമ്പായി പെൻഷൻ വിതരണം നടത്തുന്നതിന് ധനകാര്യ വകുപ്പുമായി ചേർന്ന് ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

40 (*453) ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്കുള്ള ധനസഹായം

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, കേരള സമൂഹത്തെ ലഹരി വിമുക്തമാക്കുക, മദ്യ-മയക്കുമരുന്നുകൾക്ക് അടിമകളായവരെ ലഹരിവിമുക്ത ചികിത്സയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടത്തുന്ന ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങളിലെ ചികിത്സാ ചെലവുകൾക്കും ലഹരിവിമുക്ത ക്യാമ്പുകൾക്കും ധനസഹായം

നൽകുന്ന പദ്ധതിക്ക് എക്സൈസ് വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി കെ.എസ്.ബി.സി. അനുവദിക്കുന്ന തുകയിൽനിന്നാണ് പദ്ധതിക്ക് ധനസഹായം നൽകിവരുന്നത്. ആവശ്യമായ പരിശോധന നടത്തി അർഹമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് ജില്ലാ/സംസ്ഥാനതല സമിതികൾ രൂപീകരിക്കുകയും പരിശോധനകൾക്കുശേഷം 11 ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്കായി 1,00,35,840 രൂപ ഇതിനോടകം അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പുതുതായി ധനസഹായത്തിന് അർഹമായ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ഏപ്രിൽ-ജൂൺ മാസങ്ങളിലെ കണക്കുപ്രകാരം സംസ്ഥാനത്തെ മദ്യവിൽപ്പനയിൽ 18%-ന്റെ ഇടിവുണ്ടായിട്ടുണ്ടെങ്കിലും സെയിൽസ് ടാക്സിലും എക്സൈസ് നികുതിയിലുമുണ്ടായ വർദ്ധനവ് കാരണം വരുമാനത്തിൽ കുറവുണ്ടായിട്ടില്ല. പ്രഖ്യാപിത മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തിക വർഷം 10% ബിവറേജസ് ഔട്ട്ലെറ്റുകൾ അടച്ചുപൂട്ടുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ജനങ്ങളെ ചൂഷണം ചെയ്യുന്ന ഡീ-അഡിക്ഷൻ സെന്ററുകളെയും ചികിത്സാ കേന്ദ്രങ്ങളെയും നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മദ്യവിൽപ്പനയിലുണ്ടാകുന്ന കുറവ് കോർപ്പറേറ്റ് സോഷ്യൽ

റെസ്പോൺസിബിലിറ്റിയെ ഒരുതരത്തിലും ബാധിക്കില്ലെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 4328 മുതൽ 4582 വരെയുള്ള ചോദ്യങ്ങളിൽ 77 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * * *